# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 75 | 28.06.2016-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളായാണ് ഇത് നടപ്പാക്കിയിരുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) അനധികൃത പണമിടപാട് നടത്തുന്ന വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും പ്രവർത്തനം പൂർണ്ണമായും നിയന്ത്രിച്ച് അമിതപ്പലിശ മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ടുള്ള ലക്ഷ്യമിട്ടിരുന്നത്. |
| (സി) പദ്ധതി നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (സി) ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. അനധികൃത പണമിടപാട് നടത്തുന്ന വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കുമെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിയ്ക്കുന്നതിനായി ഇവരെ ചുമതലപ്പെടുത്തിയിരുന്നു. ഇവരെ ബന്ധപ്പെടേണ്ട നമ്പരും, ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി കേൾക്കണമെന്നും, പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. |
| (ഡി) എത്രമാത്രം ഉദ്ദേശ്യലക്ഷ്യങ്ങൾ പദ്ധതി നടത്തിപ്പ് വഴി കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) ഇക്കാര്യം സർക്കാർ ഇപ്പോൾ പരിശോധിച്ച് വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ